# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

2002 ജൂലായ് 16-ാം തീയതി ചൊവ്വാഴ്ച

(ആകെ ചോദ്യങ്ങൾ -25)


**(481)** **കുടുംബ കോടതികൾ**
**(482)** **ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയും ചേർന്ന് ആരോഗ്യമേഖലയിൽ നടത്തിയ പഠനം**
**(483)** **സാറ്റലൈറ്റ് ടൗൺഷിപ്പുകൾ ആരംഭിക്കാനുള്ള പദ്ധതി**
**(484)** **സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതികൾക്ക് ധനസഹായം ചെയ്യുന്ന ഐക്യരാഷ്ട്ര സഭയുടെ ഏജൻസികൾ**
**(485)** **കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി**
**(486)** **പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ**
**(487)** **സർജറി സൗകര്യമുള്ള എല്ലാ ആശുപത്രികളിലും ജനറേറ്റർ നൽകാൻ നടപടി**
**(488)** **വനിതാ അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിൽ ഗ്രാമ വികസന വകുപ്പ് വഹിക്കുന്ന പങ്ക്**
**(489)** **സൗരഗ്രാമ വൈദ്യുതീകരണ പരിപാടി**
**(490)** **വിദഗ്ധ സമിതിക്കുപകരം സംവിധാനം**
**(491)** **കേന്ദ്ര ആരോഗ്യ-ഔഷധ നയങ്ങൾ പുന:പരിശോധിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി**
**(492)** **കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഗുജറാത്ത്-കാർഗിൽ ഫണ്ടുകൾ**
**(493)** **മരുന്നുകമ്പനികൾ നൽകുന്ന മരുന്നുകളുടെ ഗുണമേൻമയും അളവും തൂക്കവും ഉറപ്പുവരുത്താൻ നടപടി**
**(494)** **സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**
**(495)** **ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ ജോലിഭാരം**
**(496)** **കൊതുകശല്യം നിയന്ത്രിക്കാനുള്ള പദ്ധതികൾ**
**(497)** **ആത്മഹത്യാ പ്രവണതയ്ക്കെതിരെപ്രചരണം**
**(498)** **സ്വകാര്യ ക്ളിനിക്കൽ ലാബോറട്ടറികൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം**
**(499)** **നാഷണൽ പോലീസ് കമ്മിഷൻ റിപ്പോർട്ടിന്റെയും എം.കെ.ജോസഫ് കമ്മിഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ**
**(500)** **കാലപ്പഴക്കവും പ്രകൃതിക്ഷോഭവും നിമിത്തം തകരാറിലായിരിക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**
**(501)** **ഔഷധ നയം**
**(502)** **എ.ഡി.ബി.യുടെ നിർദ്ദേശങ്ങൾക്കു വഴങ്ങി സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ സ്വകാര്യവൽക്കരിക്കുവാൻ നടപടി**
**(503)** **ജില്ലാ-താലൂക്കാശുപത്രികളിലെ മാനസികരോഗ ചികിത്സാ വിഭാഗങ്ങൾ**
**(504)** **പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള ക്രിമിനൽ കേസ്സുകളുടെ അന്വേഷണം**
**(505)** **സ്വകാര്യ ആശുപത്രികൾ**


### കുടുംബ കോടതികൾ

481. ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുടുംബ കോടതികൾ നിലവിലുണ്ട്;

(ബി) ഇത്തരം കോടതികൾക്ക് വേണ്ടിവരുന്ന ചെലവ് നേരിടുന്നത് കേന്ദ്ര ഗവൺമെന്റാണോ സംസ്ഥാന ഗവൺമെന്റാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കോടതികൾ കൂടുതലായി സംസ്ഥാനത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) സംസ്ഥാനത്ത് ഇപ്പോൾ 7 കുടുംബ കോടതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കുടുംബകോടതികളുടെ പ്രവർത്തനത്തിന് വേണ്ടി വരുന്ന ചെലവ് സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്. പുതിയ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 50% വഹിക്കാമെന്ന ഒരു നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) കുടുംബ കോടതികൾ ഇല്ലാത്ത ജില്ലകളിൽ പ്രസ്തുത കോടതികൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുവാനാണ് സർക്കാരിന്റെ ഉദ്ദേശ്യം. ധനലഭ്യതയനുസരിച്ച് മറ്റു ജില്ലകളിൽ കുടുംബ കോടതികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയും ചേർന്ന് ആരോഗ്യമേഖലയിൽ നടത്തിയ പഠനം

482. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയും ചേർന്ന് കേരളത്തിലെ ആരോഗ്യ മേഖലയിൽ നടത്തിയ പഠനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എക്സ്റേ, സ്കാൻ എന്നിവയുടെ ദുരുപയോഗം മൂലം ജനിതക വൈകല്യം, തിമിരം, ക്യാൻസർ തുടങ്ങിയ രോഗങ്ങളുണ്ടാകാനിടയുണ്ടെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്താക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) കേരളത്തിൽ ഇപ്പോൾ 1990 എക്സറെ മിഷീനുകളും 84 സി.റ്റി. സ്കാൻ യൂണിറ്റുകളും 40 ഡന്റൽ എക്സറെ മെഷീനുകളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 1998ൽ നടത്തിയ പഠന പ്രകാരം ഇവയിൽ 90% ൽ അധികവും റേഡിയേഷൻ സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കപ്പെടാത്തവയാണെന്ന് കണ്ടെത്തിയിരുന്നു. കേരള സർക്കരിന്റെ കീഴിൽ റേഡിയേഷൻ സെഫ്റ്റി ഡയറക്ടറെറ്റിന്റെ പ്രവർത്തന ഫലമായി ഇപ്പോൾ 60% മുതൽ 70% വരെ എക്സറെ സ്ഥാപനങ്ങളിൽ അടിസ്ഥാന സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പഠനത്തിൽ നിന്ന് മനസിലാക്കിയ ഒരു വസ്തുത സ്വകാര്യ ആശുപത്രികളിലും എക്സറെ ക്ളിനിക്കുകളിലും എക്സറെ ടെക്നീഷ്യൻ മാർ ബഹു ഭൂരിപക്ഷവും നിശ്ചിത യോഗ്യത ഇല്ലാത്തവർ ആയിരുന്നു എന്നതാണ്. എല്ലാ സ്ഥാപനങ്ങളിലും ആരോഗ്യ വിദ്യാഭ്യാസവകുപ്പ് നടത്തുന്ന DRT (ഡിപ്ളോമാ ഇൻ റേഡിയോളജിക്കൽ ടെക്നോളജി) പരീക്ഷ പാസായവർ തന്നെ നിയമിക്കപ്പെടണമെന്ന് സുരക്ഷാ ഡയറക്ടറെറ്റ് നിഷ്കർഷിക്കുന്നുണ്ട്.

(സി) ഉണ്ട്

(ഡി) ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സാറ്റലൈറ്റ് ടൗൺഷിപ്പുകൾ ആരംഭിക്കാനുള്ള പദ്ധതി

483. ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. ജോസഫ് എം. പുതുശ്ശേരി :

ശ്ര. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻ നഗരങ്ങളോട് ചേർന്ന് സാറ്റലൈറ്റ് ടൗൺഷിപ്പുകൾ ആരംഭിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എങ്കിൽ എപ്പോൾ ഈ പദ്ധതി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) & (സി) ബാധകമല്ല.

**സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതികൾക്ക് ധനസഹായം ചെയ്യുന്ന ഐക്യരാഷ്ട്ര സഭയുടെ ഏജൻസികൾ**

484. ശ്രീ. എൻ. ഡി. അപ്പച്ചൻ :

ശ്രീ. പി. ജെ. ജോയി :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതികൾക്ക് ഐക്യരാഷ്ട്ര സഭയുടെ ഏതെല്ലാം ഏജൻസികൾ ധനസഹായം ചെയ്യുന്നുണ്ട്;

(ബി) ഈ പണം ശരിയായ രീതിയിൽ വിനിയോഗം ചെയ്യുന്നില്ല എന്ന് ആരോപണമുണ്ടായിട്ടുണ്ടോ ;

(സി) ഈ തുക ശരിയായി ചെലവഴിക്കുന്നത് സംബന്ധിച്ച നയപരമായ തീരമാനങ്ങളെടുക്കുന്ന പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത് ആരെന്ന് പറയാമോ;

(ഡി) ഇന്റർ നാഷണൽ ഏജൻസികളിൽ നിന്നും ആരോഗ്യ മേഖലയുടെ പദ്ധതിക്കുവേണ്ടി ലഭിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വിദഗ്ദ്ധരുടെ ഒരു സമിതി രൂപീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതികൾക്ക് ഐക്യരാഷ്ട്രസഭയുടെ ഏജൻസികളായ ഡബ്ല്യു.എച്ച്.ഒ., യു.എൻ.എഫ്. പി. എ., യൂണിസെഫ് തുടങ്ങിയവയിൽ നിന്നും താഴെ പറുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുന്നണ്ട്.

1. <u>യൂണിസെഫ്</u>

(എ) ട്രൈബൽ പ്രോജക്ട്

(ബി) ഇമ്മ്യൂണൈസെഷൻ ആന്റ് ഡിസീസ് കൺട്രോൾ

(സി) മൈക്രോ ന്യൂട്രിയൻസിന്റെ പഠനവും പോഷകാഹാരവും

(ഡി) എഫ്.ആർ.യു വിന്റെ പ്രവർത്തനം ശക്തമാക്കുന്നതിന്

2. <u>ഡബ്ല്യു.എച്ച്.ഒ.</u>

കേര സ്റ്റേറ്റ് ട്യൂബർകുലോസീസ് ആന്റ് ലപ്രസീസ് സൊസൈറ്റി.

3. <u>യു.എൻ.എഫ്. പി. എ.</u>

ഐക്യരാഷ്ട്ര സഭ ജനസംഖ്യ പ്രവർത്തന ഫണ്ടിന്റെ സഹായത്തോടുകൂടിയ ആരോഗ്യ പദ്ധതി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് ലോകാരോഗ്യ സംഘടനയുടെ സാംപത്തിക സഹായവും ലഭിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതാതു പ്രവർത്തനങ്ങളോട് ബന്ധപ്പെട്ട് ഗവൺമെന്റ് തലത്തിലുള്ളവരെയും വകുപ്പുദ്ധ്യക്ഷൻമാരെയും മറ്റുയർന്ന ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രൂപീകരിക്കുന്ന സമിതികൾ വിദേശ ഏജൻസിയുടേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടേയും മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നു.

(ഡി) ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന സമിതികളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമായതിനാൽ വീണ്ടും സമിതികൾ രൂപീകരിക്കേണ്ട ആവശ്യമുള്ളതായി തോന്നുന്നില്ല.

**കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി**

485. ശ്രീ. ടി. പി. രാമകൃഷ്ണൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി ഏത് വർഷം വരെ നീണ്ടുനിൽക്കുന്നതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്താകെ ഇപ്പോൾ എത്ര കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(സി) കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്ന് ലഭിച്ച സഹായം എത്രയാണ്;

(ഡി) ഈ രോഗത്തിന്റെ തിരിച്ചുവരവ് സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ ഗ്രാമങ്ങളെയും ബന്ധപ്പെടുത്തി ഒരു കുഷ്ഠരോഗ സർവേയും, പൂർണ്ണരോഗ നിർമ്മർജ്ജന പരിപാടിയും ആവിഷ്കരിച്ചു നടപ്പിലാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഇപ്പോൾ നിലവിലുള്ള കുഷ്ഠരോഗ നിമ്മാർജ്ജന പരിപാടിയുടെ 2-ാം ഘട്ടം 30-04-2004 വരെ നീണ്ടു നിൽക്കുന്നതാണ്.

(ബി) 31/05/2002 വരെ 2257 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ലോക ബാങ്കിന്റെ സഹായമായി കഴിഞ്ഞ ഒരു വർഷത്തിൽ 40 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിലള്ള സാഹചര്യങ്ങളിൽ ആവശ്യമുള്ളതായി തോന്നുന്നില്ല.

## പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

486. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്മെന്റ് കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എന്തു തുക കേന്ദ്രസഹായമായി ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സ്ഥാപനത്തിൽ നിന്നും എത്ര പേർക്ക് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സാമ്പത്തികസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സാമ്പത്തിക സഹായം എന്തെല്ലാം ആവശ്യങ്ങൾക്ക് അനുവദിച്ചു എന്നും ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് അനുവദിച്ചത് എന്നും നൽകിയ തുക എത്രയെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി) :-**

(എ) പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്മെന്റ് കേരളയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സന്നദ്ധ സംഘടനകൾക്ക് വിവിധ ഗ്രാമ വികസന പരിപാടികളെകുറിച്ച് അവബോധം സൃഷ്ടിക്കുക.
2. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കപ്പാർട്ട് (കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഓഫ് പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളജി) സഹായം ലഭ്യമാക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും സന്നദ്ധ സംഘടനകൾക്ക് നൽകുക. സന്നദ്ധ സംഘടനകളിൽ നിന്നും ലഭിക്കുന്നവപ്രോജക്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കപ്പാർട്ടിന് ശുപാർശ ചെയ്യുക.
3. സന്നദ്ധ സംഘടനകൾക്ക് കപ്പാർട്ട് പ്രോജക്ടുകൾ നടപ്പിലാക്കാൻ ആവശ്യമായ പരിശീലനം നൽകുക.
4. സന്നദ്ധ സംഘടനകൾ സന്ദർശിക്കുകയും അവരുടെ പ്രവർത്തിയിൽ പങ്കാളികളാവുകയും ചെയ്യുക.
5. ജില്ലകളിലും ബ്ളോക്കുകളിലും ബോധവൽക്കരണ ക്യാംപുകൾ സംഘടിപ്പിയ്ക്കുക.

(ബി) ഈ സ്ഥാപനത്തിന് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേന്ദ്ര സഹായമായി യാതൊരുവിധ സാംപത്തിക സഹായവും ലഭിച്ചിട്ടില്ല.

(സി) ഈ സ്ഥാപനത്തിൽ നിന്നും നേരിട്ട് സാംപത്തിക സഹായമൊന്നും അനുവദിച്ചിട്ടില്ല. ഈ സ്ഥാപനം വഴി 2001-2002 സാംപത്തിക വർഷത്തിൽ സന്നദ്ധ

സംഘടനകളുടെ 1,09,43,552/- രൂപ യുടെ 17 പ്രോജക്ടുകൾ കപ്പാർട്ട് സഹായത്തിനായി അയച്ചു കൊടുത്തതിൽ 6 സംഘടനകൾക്ക് 12,95,010/- രൂപയുടെ പ്രോജക്ടുകൾ കപ്പാർട്ട് അംഗീകരിച്ച് സംഘടനകൾക്ക് അയച്ചു കൊടുക്കുകയുണ്ടായി.

(ഡി) ഗ്രാമ സാങ്കേതിക വിദ്യ (അഡ്വാൻസ്മെന്റ് ഓഫ് റൂറൽ ടെക്നോളജി സ്ക്കീം) എന്ന ശീർഷകത്തിൻ കീഴിൽ മഴവെള്ള ശേഖരണം/സംഭരണം, മണ്ണിര കംപോസ്ററ് എന്നിവയ്ക്ക് കപ്പാർട്ട് 12,17,010/- രൂപയുടെ നാലു പ്രോജക്ടുകൾ അനുവദിച്ചു. സാഹയം ലഭിച്ച സംഘടനകളുടെ പേര് ചുവടെ ചേർക്കുന്നു.

1. ഇന്റഗ്രേറ്റഡ് റൂറൽ ഡവലപ്മെന്റ് സൊസൈറ്റിസ്രോത്ത് ഫിൽ പി.ഓ. കുറവിലങ്ങാട് കോട്ടയം -4,29,750/- രൂപ (മഴവെള്ള ശേഖരണം/സംഭരണം)
2. വി. ഫെർപ്പ് മാൻ പവ്വർ കൺസൾട്ടന്റ്, മണിമല, കോട്ടയം -97,000/- രൂപ (മഴവെള്ള ശേഖരണം/സംഭരണം)
3. നവോദയ ഹെിളാ സമാജം, കീഴാറൂർ പി.ഒ. തിരുവനന്തപുരം - 4,53,260/- രൂപ (മണ്ണിര കംപോസ്റ്റ്)
4. പുത്തൻകട വുമൺസ് ആന്റ് ചിൽഡ്രൻസ് വെൽഫെയർ അപ്ലിഡ് സൊസൈറ്റി, പുത്തൻകട, തിരുവനന്തപുരം 2,37,000/- രൂപ (മണ്ണിര കംപോസ്റ്റ്)

ഉപഭോക്തൃ സ്കീമെന്ന ശീർഷകത്തിൽ (ഓർഗനൈസേഷൻ ബെനിഫിഷറി സ്ക്കീം) ബോധവൽക്കരണത്തിനും, സ്വയംസഹായ സംഘ രൂപികരണത്തിനുമായി രണ്ടു സംഘടനകൾക്ക് 78,000/- രൂപ കപ്പാർട്ടിൽ നിന്നനുവദിച്ചു. സഹായം ലഭിച്ച സന്നദ്ധ സംഘടനകളുടെ പേര് ചുവടെ ചേർക്കുന്നു.

1. ഹരിജൻ മഹിളാ സമാജം, മലയൻകാവ്, ചെറിയകൊല്ല പി.ഒ. നെയ്യറ്റിൻകര, തിരുവനന്തപുരം - 18,000/- രൂപ
2. ഫൗണ്ടേഷൻ ഫോർ ഇന്റഗ്രേറ്റഡ് സോഷ്യൽ ട്രാൻസഫർമേഷൻ മാന്തുരുത്തി, കോട്ടയം - 60,000/- രൂപ

## സർജറി സൗകര്യമുള്ള എല്ലാ ആശുപത്രികളിലും ജനറേറ്റർ നൽകാൻ നടപടി

487. ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രി ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയും ഓപ്പറേഷൻ തിയേറ്ററുകളിൽ വൈദ്യുതി ഇല്ലാതെ വന്നാൽ പ്രവർത്തിപ്പിക്കാൻ തക്ക കപ്പാസിറ്റിയുള്ള ജനറേറ്റർ സൗകര്യം ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഓരോ മെഡിക്കൽ കോളേജിലും, എസ്.എ.ടി. ആശുപത്രിയിലും എത്ര ജനറേറ്ററുകളുടെ കുറവുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ജനറേറ്ററുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സർജറി സൗകര്യമള്ള എല്ലാ ആശുപത്രികളിലും ജനറേറ്റർ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ജനറേറ്റർ സൗകര്യമില്ലാത്തതിനാൽ സർജറി മുടങ്ങുന്നതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലും ഓപ്പറേഷൻ തീയേറ്ററുകളിൽ വൈദ്യുതി ഇല്ലാതെ വന്നാൽ പ്രവർത്തിപ്പിക്കാൻ തക്ക കപ്പാസിറ്റിയുള്ള ജനറേറ്ററുകൾ ഉണ്ട്.

(ബി)യും (സി)യും ബാധകമല്ല.

(ഡി)യും (ഇ)യും

സർജറി സൗകര്യമുള്ള എന്നാൽ ജനറേറ്റർ ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ സാംപത്തിക സ്ഥിതിക്കനുസരണമായി ഘട്ടം ഘട്ടമായി നടപടി എടുക്കുന്നതാണ്.

## വനിതാ അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിൽ ഗ്രാമ വികസന വകുപ്പ് വഹിക്കുന്ന പങ്ക്

488. ശ്രീ. സാജു പോൾ :

ഡോക്ടർ തോമസ് ഐസക് :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനിതാ അയൽക്കൂട്ടങ്ങൾ സ്ത്രീ സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാം;

(ബി) വനിതാ അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിൽ ഗ്രാമവികസന വകുപ്പ് വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും അയൽകൂട്ടങ്ങൾ വഹിക്കുന്ന പങ്ക് എന്താണ്;

(ഡി) സംസ്ഥാനത്ത് എത്ര വനിതാ അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) വനിതാ അയൽക്കൂട്ടങ്ങൾ ഗ്രാമതലത്തിൽ വ്യാപകമായി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനിതാ അയൽക്കുട്ടങ്ങൾ സ്ത്രീ സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ പൊതുവായവ താഴെ ചേർക്കുന്നു.

1. കൂട്ടായ്മയോടും പരസ്പര വിശ്വാസത്തോടും സൗഹൃദമനോഭാവത്തോടും കുടിയുള്ള ജീവിതം
2. ജീവിത നിലവാരത്തിലും കാഴ്ചപ്പാടിലും ഉയർച്ച
3. സ്ത്രീകളിൽ സാംപാദ്യ ശീലം വർദ്ധിക്കുന്നു. അതോടൊപ്പം കടം വാങ്ങിയാൽ തിരിച്ചടക്കുന്ന പ്രവണത വളർത്തിയെടുക്കുന്നു.
4. ചെറുകിട സംരംഭങ്ങൾ തുടങ്ങുവാനുള്ള കഴിവ് ആർജ്ജിക്കുന്നു.
5. സ്വാശ്രയത്വം കൈവരുന്നു
6. വനിതകളുടെ വ്യക്തിത്വ വികസനത്തിന് അവസരം കൈവരുന്നു
7. വനികൾക്ക് സാമൂഹ്യസാംപത്തിക സാംസ്കാരിക ഉന്നമനം ഉണ്ടാകുന്നു

(ബി) വനിതാ അയൽക്കുട്ടങ്ങൾ സംഘടിപ്പിക്കുന്ന പ്രത്യേക പദ്ധതികളൊന്നും ഗ്രാവികസനവകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. എന്നാൽ ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പ്രകാരം 10 മുതൽ 20 വരെ അംഗസംഖ്യയുള്ള വനിതാ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നുണ്ട്. സ്വയം സഹായ സംഘങ്ങളുടെ രൂപീകരണത്തിനും ശാക്തീകരണത്തിനും ചെറുകിട തൊഴിൽ സംരംഭങ്ങൽ തുടങ്ങുന്നതിനും വേണ്ട സഹായങ്ങൾ എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം നൽകിവരുന്നു.

(സി) ദാരിദ്ര്യത്തിന്റെ കാരണങ്ങൾ കണ്ടെത്തി അവ മറികടക്കുന്നതനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വനിതാ അയൽക്കുട്ടങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. പരസ്പര സഹായമാർഗ്ഗത്തിലൂടെ ലഭ്യമാക്കാൻ കഴിയുന്ന വിഭവങ്ങളുടെ സമന്വയത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വനിതാ അയൽക്കുട്ടങ്ങളുടെ സാംപാദ്യം വിനിയോഗിച്ചും ബാങ്ക് വായ്പ വിനിയോഗിച്ചും ഗ്രൂപ്പടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങളിലൂടെയും വ്യക്തിഗത തൊഴിൽ സംരംഭങ്ങളിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയുന്നു.

(ഡി) അയൽക്കുട്ടങ്ങൾ സംഘടിപ്പിക്കുന്ന പ്രത്യേക പദ്ധതികളൊന്നും ഗ്രാമവികസനവകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

(ഇ) വനിതാ അയൽക്കുട്ടങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ലാത്തതിനാൽ വനിതാ അയൽക്കുട്ടങ്ങൾ വ്യാപകമായി സംഘടിപ്പിക്കുന്നതിന് തൽക്കാലം കഴിയുകയില്ല.

**<u>സൗരഗ്രാമ വൈദ്യുതീകരണ പരിപാടി</u>**

489. ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി ഒറ്റപ്പെട്ട ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി അനർട്ട് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കേരള റിന്യൂവബിൾ എനർജി പോളിസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) സൗര്യഗ്രാമ വൈദ്യുതീകരണ പരിപാടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;
(ഡി) പ്രസ്തുത പരിപാടിക്ക് കേന്ദ്ര വിഹിതമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;
(ഇ) എങ്കിൽ എത്ര;
(എഫ്) ഈ ഫണ്ട് പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) കേരളത്തിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിലെ കോളനികളിലുള്ള വീടുകളിൽ വെളിച്ചം എത്തിക്കുന്നതിനായി അനർട്ട് സോളാർ വില്ലേജ് ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കേരളത്തിലെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങളും നിർവ്വഹണ ചട്ടക്കുടുമാണ് കേരള റിന്യൂവബിൾ എനർജി പോളിസിയിലുള്ളത്. ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൽ താഴെ ചേർത്തിരിക്കുന്നു.

1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും പ്രചരണവും പ്രോത്സാഹനവും
2. ചെലവു കുറഞ്ഞ ഊർജ്ജം ലഭ്യമാക്കുന്നതിനായി പ്രകൃതി വിഭവങ്ങളുടെ ചൂഷണം
3. ദീർഘകാലടിസ്ഥാനത്തിൽ പുതുക്കപ്പെടാത്ത ഊർജ്ജ സ്രോതസ്സുകൾക്കു പകരമാവാൻ കഴിയുന്ന പുത്തൻ ഊർജ്ജ പദ്ധതികളുടെ ഊർജ്ജിതമായ കണ്ടെത്തലും ആസൂത്രണവും നടപ്പാക്കലും
4. പരിസ്ഥിതിക്കിണിങ്ങിയ പദ്ധതികളുടെ വികസനം
5. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം, സാമ്പത്തിക സ്രോതസ്സുകൾ, നിയമപരമായ ക്ലിയറൻസുകൾ ഇവ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമൊരുക്കൽ
6. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഗലയ്ക്കുള്ള ചെലവു കുറയ്ക്കുന്നതിനുമായി സ്വയം പുതുക്കപ്പെടുന്ന ഊർജ്ജരൂപങ്ങളുപയോഗിച്ച് വികേന്ദ്രീകൃതമായി ചെറുകിട വൈദ്യുതോത്പാദന പദ്ധതികൾ നടപ്പാക്കുക.
7. അനതി വിദൂര ഭാവിയിൽ ഊർജ്ജ സ്വയം പര്യാപ്തത കൈവരിക്കുക.
8. ഊർജ്ജോത്പാദന മേഖലയിൽ സ്വകാര്യ പങ്കാളിത്തമുറപ്പാക്കാനുള്ള ഉചിത സാഹചര്യങ്ങൾ ഒരുക്കുക.
9. വിവിധ മാധ്യമങ്ങളിലടെ പാരമ്പരേത്യതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗത്തിന് പ്രചരണം നൽകുക.

(സി) സൗര്യഗ്രാമ വൈദ്യതീകരണ പരിപാടികളുടെ ആദ്യഘട്ടത്തിൽ 5450 വീടുകൾക്ക് ഹോം ലൈറ്റിംഗ് സിസ്റ്റം നൽകുകയുണ്ടായി. കൂടാതെ 11 പവ്വർ പ്ലാന്റുകൾ നിർമ്മിക്കുക വഴി 436 കുടുംബങ്ങൾക്ക് കൂടി പ്രയോജനം ലഭിക്കുകയുണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതിയുടെ രണ്ടാം ഘട്ടം വഴിയായി ഏകദേശം 6000 വീടുകൾക്ക് ഹോം ലൈറ്റിംഗ് സിസ്റ്റം നൽകി കഴിഞ്ഞു.

(ഡി) (ഇ) ഉണ്ട്. പ്രസ്തുത പദ്ധതിയടെ ഒന്നാം ഘട്ടത്തിൽ 3.97 കോടി രൂപ കേന്ദ്രഗവൺമെന്റിന്റെ ധനസഹായമായി ലഭിച്ചു. ഇതിന്റെ രണ്ടാം ഘട്ടത്തിനായി 9.61 കോടി രൂപയാണ് ധനസഹായമായി പ്രതീക്ഷിക്കുന്നത്. ഇതിൽ 4.43 കോടി രൂപ അഡ്വാൻസായി ലഭിച്ചു കഴിഞ്ഞു.

(എഫ്) പദ്ധതിക്കായുള്ള ഒന്നാം ഘട്ട ഫണ്ട് പൂർണ്ണമായും ലഭിച്ചു. രണ്ടാം ഘട്ടത്തിനായുള്ള ഫണ്ട് പൂർണ്ണമായും ലഭ്യമായിട്ടില്ല.

**വിദഗ്ധ സമിതിക്കുപകരം സംവിധാനം**

490. ശ്രീ. പി.ജെ. ജോയി:
ശ്രീ.കെ. മുഹമ്മദാലി:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മുൻ ഗവൺമെന്റ് രൂപം കൊടുത്ത വിദഗ്ധ സമിതികൾ ഇപ്പോൾ നിലവിലുണ്ടോ;
(ബി) ഇല്ലാത്തപക്ഷം ഇവയ്ക്കുപകരം എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;
(സി) എങ്കിൽ വിശദാംശം നൽകുമോ;
(ഡി) ഇവയുടെ ഘടനയും കർത്തവ്യങ്ങളും എന്തെന്നു പറയുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ആന്റ് (ഡി) സാങ്കേതിക ഉപദേശകസമിതി (ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി) സാങ്കേതിക സമിതി (ടെക്നിക്കൽ കമ്മിറ്റി) എന്നീ രണ്ട് സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. അവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**കേന്ദ്ര ആരോഗ്യ-ഔഷധ നയങ്ങൾ പുനഃപരിശോധിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി**

491. ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ.തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ആരോഗ്യനയത്തിലും ഔഷധനയത്തിലും സാധാരണ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സാധാരണജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഔഷധ നയങ്ങൾ പുനഃപരിശോധിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) യും (ബി)യും. ഈ രണ്ടു പോളിസികളും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. വിശദമായി പഠിച്ചതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിശദമായ പഠനത്തിനുശേഷം ഇതു സാധാരണ ജനങ്ങളുടെ താൽപര്യത്തിന് ഹാനികരമെന്ന് കണ്ടാൽ ആവശ്യമായ മേൽ നടപടികളെടുക്കുന്നതാണ്.

**കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഗുജറാത്ത്-കാർഗിൽ ഫണ്ടുകൾ**

492. ശ്രീ. എം.വി. ജയരാജൻ:

ശ്രീ മത്തായി ചാക്കോ;

ശ്രീ. എ.കെ. ബാലൻ:

ശ്രീ. പി.സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഗുജറാത്ത്-കാർഗിൽ ഫണ്ടുകൾ പിരിച്ച് ദുരുപയോഗം നടത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഫണ്ട് ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(സി) കുറ്റക്കാരായ സമിതിയുടെ ഭാരവാഹികൾക്കെതിരെ ക്രിമിനൽ നടപടി കൈക്കൊള്ളാൻ സർക്കാർ അടന്തിര നടപടി സ്വീകരിക്കുമോ;

(ഡി) സമിതിയുടെ ഫണ്ട് മരവിപ്പിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) തിരുവനന്തപുരം ജില്ലാ കമ്മിറ്റി പ്രസിഡന്റും സെക്രട്ടറിയും ഗുജറാത്ത് കാർഗിൽ ഫണ്ടുകൾ പിരിച്ച് ദുരുപയോഗം ചെയ്തു എന്നാരോപിച്ച് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതി പോലീസ് അന്വേഷിച്ചതിൽ ഫണ്ട് ദുരുപയോഗം ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

(സി) അന്വേഷണത്തിൽ സമിതിയുടെ ഭരവാഹികൾ ഫണ്ട് ദുരുപയോഗം ചെയ്തിട്ടുള്ളതായി കണ്ടെത്താത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**<u>മരുന്നുകമ്പനികൾ നൽകുന്ന മരുന്നുകളുടെ ഗുണമേൻമയും അളവും തൂക്കവും ഉറപ്പുവരുത്താൻ നടപടി</u>**

493. ശ്രീ. വി. ബാലറാം:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. എ.പി. അനിൽകുമാർ:

ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകമ്പനികൾക്ക് നൽകുന്ന സപ്ലൈ ഓർഡറുകളിൽ അവർ നൽകേണ്ട ഓരോ മരുന്നിന്റെയും സ്പെസിഫിക്കേഷൻ എഴുതിയിരിക്കുമോ;

(ബി) മരുന്ന് നൽകേണ്ട കേന്ദ്രങ്ങളിൽ ഈ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരം നൽകുമോ;

(സി) മരുന്നുകമ്പനികൾ നൽകുന്ന മരുന്നുകൾ ഈ സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്ന് ഉറപ്പുവരുത്താറുണ്ടോ;

(ഡി)ഉണ്ടെങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ഇ) മരുന്നുകമ്പനികൾ നൽകുന്ന മരുന്നുകളുടെ ഗുണമേൻമയും അളവും തൂക്കവും ഉറപ്പുവരുത്തുന്നതെപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) സ്പെസിഫിക്കേഷൻ എഴുതിയാണ് നൽകുന്നത്.

(ബി) വിവരം നൽകുന്നുണ്ട്.

(സി) ഉറപ്പു വരുത്താറുണ്ട്.

(ഡി) യും (ഇ) യും

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് സെൻട്രൽ പർച്ചേസ് കമ്മിറ്റി തയ്യാറാക്കുന്ന റേറ്റ് കോൺട്രാക്റ്റിൽ പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരം കമ്പനികൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നു. ജില്ലാ മെഡിക്കൽ സ്റ്റോർ സൂപ്രണ്ട് ആയത് പരിശോധിച്ച് മരുന്നുകൾ സ്റ്റോറുകളിൽ സ്വീകരിച്ച് സംഭരിച്ച് വിതരണം ചെയ്യുന്നു. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഇൻവോയ്സ് ഡ്രഗ്സ് കൺട്രോളർക്കും അയച്ചുകൊടുക്കുന്നു. ഡ്രഗ്സ് കൺട്രോളർ ഇടയ്ക്കിടെ ആശുപത്രികളിൽ നിന്നും മരുന്നുകളുടെ സാമ്പിൾ എടുത്ത് ലബോറട്ടറികളിൽ പരിശോധിക്കുന്നു. മരുന്നുകളുടെ അളവ്, തൂക്കം, ഗുണമേന്മ, ലേബർ ക്ലെയിം തുടങ്ങിയവ ഇപ്രകാരം പരിശോധനയ്ക്ക് വിധേയമാക്കി ഗുണ നിലവാരം ഉറപ്പു വരുത്തുന്നു.

ഹോമിയോപ്പതി വകുപ്പിന് ആവശ്യമായ മരുന്നുകൾ, പ്രസ്തുത വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയിൽ നിന്നുമാണ് വാങ്ങുന്നത്.

ആയുർവേദ വകുപ്പിന്റെ ആവശ്യത്തിനുള്ള മരുന്നുകൾ വാങ്ങുന്നത് കേരള സർക്കാർ സ്ഥാപനമായ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നുമാണ്.

**<u>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം</u>**

494. ശ്രീ. പി.കെ. അബ്ദുറബ്ബ്:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. ടി.പി.എം. സാഹിർ:

ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഓഫീസർമാർ ഡിപ്പാർട്ടമെന്റ് വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെ നടപടിയെടുക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ വേണ്ട സംവിധാനം ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വാടക അടച്ച് സ്വകാര്യ ആവശ്യത്തിന് സർക്കാർ വാഹനം ഉപയോഗിക്കുവൻ വ്യവസ്ഥയുണ്ട്. നിയമ വിരുദ്ധമായി പോലീസ്

വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പോലീസ് വാഹനങ്ങൾ പ്രത്യേകം തിരിച്ചറിയുന്നതിനായി വാഹനങ്ങളിൽ ഓരോ യൂണിറ്റിന്റെയും ചിഹ്നങ്ങളും ക്രമനമ്പരുകളും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാഹനങ്ങൾ പോലീസ് ബ്ലൂ നിറമാക്കിക്കൊണ്ടിരിക്കുന്നു. ഡ്രൈവർമാർ വാഹനങ്ങൾ ഓടിക്കുമ്പോൾ നിർബന്ധമായും യൂണിഫോം ധരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസിൽ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കാറുണ്ട്.

## ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ ജോലിഭാരം

495. ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. യു.സി. രാമൻ:
ശ്രീ. സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ ജോലിഭാരം വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ത്രിതല പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) 1998 ആഗസ്റ്റിലാണ് ഓണറേറിയം നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്ന ധനവകുപ്പ് റിട്ട. അഡീഷണൽ സെക്രട്ടറി, ശ്രീ. കെ.ജി. സുകുമാരപിള്ള അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

## കൊതുകശല്യം നിയന്ത്രിക്കാനുള്ള പദ്ധതികൾ

496. ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:
ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ പൊതുവിലും, പട്ടണപ്രദേശങ്ങളിൽ വിശേഷിച്ചും വർദ്ധിച്ചവരുന്ന കൊതുകുശല്യ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ കൊതുകുശല്യം നിയന്ത്രിക്കാൻ ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിലുള്ള ശാശ്വത പരിഹാരമെന്ന നിലയിൽ സമ്പൂർണ്ണ ശുചിത്വം കാത്തുസൂക്ഷിക്കുവാനുള്ള ബൃഹദ് പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൊതുക് പരത്തുന്ന രോഗങ്ങളായ മലമ്പനി. മന്ത്, ജപ്പാൻ ജ്വരം, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ രോഗനിയന്ത്രണ/നിവാരണ മാർഗ്ഗങ്ങളുടെ ഭാഗമായി കൊതുക് നിയന്ത്രണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനായി ഫോഗിംഗ്, കീടനാശിനി തളിക്കൽ, കൂത്താടി നാശിനി തളിക്കൽ, കിണറുകളിലും ചെറിയ കുളങ്ങളിലും ടാങ്കുകളിൽ ചെറിയ മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ദേശീയ മലമ്പനി നിവാരണ പദ്ധതി ദേശീയ മന്തുരോഗ നിയന്ത്രണ പരിപാടി എന്നിവയനുസരിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

(ഡി) സമ്പൂർണ്ണ ശുചിത്വം കാത്തു സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരമ പ്രധാനമായ കർത്തവ്യമാണ്. ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് വളരെ മുൻപ് തന്നെ നൽകുകയും അതനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

## ആത്മഹത്യാ പ്രവണതയ്ക്കെതിരെപ്രചരണം

497. ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. പി. ജയരാജൻ:
ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആത്മഹത്യാ ചെയ്യുന്നവരുടെ എണ്ണം വളരെ അധികം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവണതയ്ക്ക് അടിസ്ഥാനകാരണം വ്യക്തമാക്കുമോ;

(സി) ആത്മഹത്യാ പ്രവണത കുറയ്ക്കാൻ എന്തെങ്കിലും കർമ്മപരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ബഹുജന സംഘടനകളേയും സാംസ്ക്കാരിക സംഘടനകളേയും കൂട്ടിയോജിപ്പിച്ച് ആത്മഹത്യാ പ്രവണതയ്ക്കെതിരെ പ്രചാരണം ആരംഭിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.

(ബി) മാറിവരുന്ന സമ്പത്തിക സാംസ്ക്കാരിക സാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള ബുദ്ധിമുട്ടു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മാനസിക രോഗം, ദുർബല മനസ്സ്, മനസിന്റെ പെട്ടെന്നുള്ള താളം തെറ്റൽ, ആത്മവിശ്വാസക്കറവ്, ഭർതൃഗ്രഹത്തിലെ പീഢനം, കടക്കെണി, സ്ത്രീധന പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, സമൂഹത്തിൽ ഒറ്റപ്പെടൽ, കാർഷിക മേഖലയുടെ തകർച്ച, തൊഴിലില്ലായ്മ, പരീക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ പ്രധാന പ്രേരണകളാണ്.

(സി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി കേരളത്തിന് അനുയോജ്യമായ ഒരു മാതൃക പദ്ധതി ത്രാണി എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് നടപ്പാക്കി വരുന്നുണ്ട്. ടെലിഫോൺ കൗൺസിലിംഗ്, ക്രൈസി കൗൺസിലിംഗ്, റഫറൽ സപ്പോർട്ട് എന്നിവ ത്രാണിയിൽ നിന്നും സൗജന്യമായി നൽകുന്നു. കമ്മ്യൂണിറ്റി വാളന്റിയർമാർക്ക് പത്ത് ദിവസത്തെ പരിശീലനം, ആത്മഹത്യാ പ്രവണതയുള്ളവരെ തിരിച്ചറിയുന്നതിനുള്ള പരിശീലനം, ബോധവൽക്കരണം, മദ്യം, മയക്കുമരുന്ന്, ആത്മഹത്യ എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനം, ആത്മഹത്യ നടന്ന കുടുംബങ്ങളിലെ മറ്റംഗങ്ങൾക്കുള്ള പരിചരണം എന്നിവയും നടത്തുന്നുണ്ട്.

(ഡി) പൊതുജന പങ്കാളിത്തത്തോടുകൂടി ബഹുജനസംഘടനകളേയും, സാംസ്ക്കാരിക സംഘടനകളേയും യോജിപ്പിച്ചുകൊണ്ടുള്ള പ്രചരണ പരിപാടികൾ നടത്തുന്നുണ്ട്.. സ്കൂളുകളിലും കോളേജുകളിലും കൗൺസിലിംഗ് സെന്ററുകൾ രൂപീകരിക്കുക, സാമൂഹ്യരംഗത്തുള്ളവരുടെയും, സാമൂഹ്യ സംഘടനകളുടേയും മററും സഹായത്തോടെ പോലീസിന്റേതുപോലെ ഹെൽപ്പ്ലൈൻ ആരംഭിക്കുന്ന കാര്യവും സർക്കാർ പരിഗണിച്ചു വരുന്നു.

## സ്വകാര്യ ക്ളിനിക്കൽ ലാബോറട്ടറികൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം

498. ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ക്ളിനിക്കൽ ലാബറട്ടറികൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ശാസ്ത്രീയമല്ലാത്തതും അതിവിദഗ്ദ്ധവുമായ ക്ളിനിക്കൽ ലാബറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**പി ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) സ്വകാര്യ ക്ളിനിക്കൽ ലാബറട്ടറികൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിലില്ല.

(ബി) ഉണ്ട്.

(സി) സ്വകാര്യ ക്ളിനിക്കൽ ലാബറട്ടറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായുള്ള നിയമത്തിന്റെ കരട് ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്.

## നാഷണൽ പോലീസ് കമ്മീഷൻ റിപ്പോർട്ടിന്റെയും എം.കെ.ജോസഫ് കമ്മീഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ

499. ശ്രീ. മത്തായി ചാക്കോ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എ.കെ. ബാലൻ:
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ പോലീസ് കമ്മിഷൻ റിപ്പോർട്ടിന്റെയും എം.കെ.ജോസഫ് കമ്മിഷൻ റിപ്പോർട്ടിന്റെയും ശുപാർശകളുടെ വെളിച്ചത്തിൽ പോലീസ് സേനയുടെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നിയമലംഘനങ്ങൾ തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) ക്രമസമാധാനം പാലിക്കേണ്ട നിരവധി പോലീസ് സേനാംഗങ്ങളെ മിനിസ്റ്റീരിയൽ ജോലിക്കായി നിയോഗിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇവരെ മിനിസ്റ്റീരിയൽ ജോലിയിൽ നിന്നും ഒഴിവാക്കി പോലീസ് ഡ്യൂട്ടിക്കായി നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ,&ബി): പോലീസ് സേനയുടെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(സി) പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് നിയമലംഘനങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി & ഇ) : പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്താൻ പരീക്ഷണാടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിച്ചുവരുന്നു. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ ചില പോലീസ്സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടിസമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.
2. ചില പോലീസ് സ്റ്റേഷനുകളെ മാതൃകാപോലീസ് സ്റ്റേഷനുകളാക്കി അവയുടെ പ്രവർത്തനം വിലയിരുത്തിവരുന്നു.

(എഫ്) അത്യാവശ്യഘട്ടങ്ങളിൽ വിരളമായി, നിയോഗിക്കാറുണ്ട്.

(ജി) സ്വീകരിക്കുന്നതാണ്.

## കാലപ്പഴക്കവും പ്രകൃതിക്ഷോഭവും നിമിത്തം തകരാറിലായിരിക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

500. ശ്രീ. കെ.വി. കുഞ്ഞിരാമന്‍:
ശ്രീ. ടി.കെ.ബാലന്‍:
ശ്രീ. എം.വി. ഗോവിന്ദന്‍മാസ്റ്റര്‍:
ശ്രീ. വി.കെ. ചന്ദ്രന്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകള്‍ കാലപ്പഴക്കംമൂലവും പ്രകൃതിക്ഷോഭവും നിമിത്തം തകരാറിലായിരിക്കുന്ന വിവരം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്ക് 2001-2002-ല്‍ എന്തു തുക വകയിരുത്തിയിരുന്നു; ഇതില്‍ എന്തു തുക ചെലവഴിച്ചു ;

(ഡി) എത്ര കി.മീ. റോഡുകളുടെ നിര്‍മ്മാണം പൂര്‍ത്തീകരിച്ചു ;

(ഇ) 2002-2003-ലെ ബഡ്ജറ്റില്‍ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്.തോമസ് (ഗ്രാമവികസനവകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) പ്രത്യേകപദ്ധതിക്ക് ഗ്രാമവികസന വകുപ്പ് രൂപം ല്‍കിയിട്ടില്ല. എന്നാല്‍ സംസ്ഥാനസര്‍ക്കാരിന്റെ നോണ്‍പ്ളാന്‍ പരിപാടിയായ വില്ലേജ് റോഡ് മെയിന്റനന്‍സ് പ്രോഗ്രാം മുഖേന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി എല്ലാവര്‍ഷവും ഏറ്റെടുത്ത് നടത്തിവരുന്നു.

(സി) 2001-2002 സാമ്പത്തിക വര്‍ഷത്തില്‍ ഈ പരിപാടിക്ക് 243 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ബഡ്ജറ്റില്‍ വകയിരുത്തിയ തുക ജില്ലകള്‍ക്ക് അനുവദിച്ചു നല്‍കിയിട്ടുണ്ട്. ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകള്‍ മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. എത്ര കിലോമീറ്റര്‍ റോഡുകള്‍ പുനരുദ്ധരിച്ചു എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) 2002-2003 സാമ്പത്തികവര്‍ഷത്തില്‍ ഈ പരിപാടിക്ക് 275 ലക്ഷം രൂപ ബഡ്ജറ്റില്‍ വകയിരുത്തിയിട്ടുണ്ട്.

## ഔഷധ നയം

501. ശ്രീ. എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ഗവണ്‍മെന്റിന്റെ ഔഷധനയം രൂപപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ നയം എന്തെന്ന് വെളിപ്പെടുത്താമോ ;

(ബി) ഔഷധനയം പ്രഖ്യാപിക്കുന്നതിനും നടപ്പിലാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരന്‍ (ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി):-**

(എ &ബി): ഇക്കാര്യം പരിഗണനയിലാണ്.

## എ.ഡി.ബി.യുടെ നിര്‍ദ്ദേശങ്ങള്‍ക്കു വഴങ്ങി സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികള്‍ സ്വകാര്യവല്‍ക്കരിക്കുവാന്‍ നടപടി

502. ശ്രീ. കെ. പി. രാജേന്ദ്രന്‍:
ശ്രീ. പി.എസ്. സുപാല്‍:
ശ്രീ. എന്‍. രാജന്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) എ.ഡി.ബി.യുടെ നിര്‍ദ്ദേശങ്ങള്‍ക്കു വഴങ്ങി സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികള്‍ സ്വകാര്യവല്‍ക്കരിക്കുവാന്‍ ഉദ്ദേശമുണ്ടോ ;

(ബി) എങ്കില്‍ അതിനുവേണ്ടിയുള്ള എന്തെല്ലാം നടപടികള്‍ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ബാധകമല്ല.

**ജില്ലാ-താലൂക്കാശുപത്രികളിലെ മാനസികരോഗ ചികിത്സാ വിഭാഗങ്ങൾ**

503. ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. ജോണി നെല്ലൂർ:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. എ.എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജില്ലാ-താലൂക്കാശുപത്രികളിലെ മാനസികരോഗ ചികിത്സാ വിഭാഗങ്ങൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ മാനസിക രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുള്ളത് പരിഗണിച്ച് ഈ നീക്കത്തിൽ നിന്നും സർക്കാർ പിൻമാറുമോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ&ബി): കേരളത്തിലെ ജില്ലാ ആശുപത്രികളിലെ നിലവിലുള്ള മാനസികരോഗ ചികിത്സാ യൂണിറ്റുകളിലെ സൗകര്യം വർദ്ധിപ്പിക്കുവാനും ഇപ്പോൾ നിലവിലില്ലാത്ത ജില്ലകളിൽ ടി സൗകര്യം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. ആയതിലേക്കായി 2002-2003 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ അംഗീകരിച്ച കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് പോളിസിയുടെ അടിസ്ഥാനത്തിൽ മാനസികരോഗ ചികിത്സാസൗകര്യം താലൂക്കാശുപത്രികളിലേക്കും, സി.എച്ച്.സി/പി.എച്ച്.സി.കളിലേക്കും ഘട്ടംഘട്ടമായി വ്യാപിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. നടപ്പുവർഷം ജില്ലാതലത്തിലേക്കും അടുത്തുവരുന്ന വർഷങ്ങളിൽ താലൂക്ക് തലത്തിലേക്കും വ്യാപിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

**പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള ക്രിമിനൽ കേസ്സുകളുടെ അന്വേഷണം**

504. ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായുള്ള ക്രിമിനൽ കേസ്സുകൾ അന്വേഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചവരുത്തിയിട്ടുള്ള അന്വേഷണ ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എന്ന് വിശദമാക്കാമോ ;

(സി) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായുള്ള കേസ്സിൽ, കേസിന്റെ തെളിവുകൾ കോടതിയിൽ ഹാജരാക്കാതെ എം.ഒ.കൾ കിട്ടിയിട്ടില്ല എന്ന് തെറ്റായവിവരം കോടതിയെ ബോധിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തു നടപടിയാണ് എടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പോലീസുകാർ പ്രതികളായുള്ള കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാത്ത തരത്തിൽ ചാർജ് നൽകുന്നു എന്നതിനെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ പരിശോധന നടത്തുമോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായുള്ള കേസ്സുകളുടെ അന്വഷണത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അന്വേഷണത്തിൽ വരുത്തുന്ന വീഴ്ചയുടെ സ്വഭാവമനുസരിച്ചാണ് നടപടി സ്വീകരിക്കുന്നത്.

(സി) ഇപ്രകാരം തെറ്റായ വിവരം കോടതിയെ ബോധിപ്പിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്രകാരം സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്. ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(ഇ&എഫ്): ഉത്തരം 'ഡി' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സ്വകാര്യ ആശുപത്രികൾ

505. ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. ജോണി നെല്ലൂർ:
ശ്രീ. എ.എൻ. രാജൻബാബു:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികൾ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി എന്നിങ്ങനെ സ്വയം നാമകരണം നടത്തുന്നതും പരസ്യം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിന് കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയും അതനുസരിച്ച് മാത്രം രോഗികളിൽ നിന്നും ഫീസ് ഈടാക്കുകയും ചെയ്യുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഒരു കരടു നിയമം സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിനായി അയച്ചുതന്നിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ നടപടി ഉണ്ടാകുന്നതുവരെ സംസ്ഥാനസർക്കാരിന് സ്വകാര്യ ആശുപത്രികളുടെ മേൽ കാര്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയുകയില്ല.

*****